"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ഇരിങ്ങാലക്കുട നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൗമ്യ.എൻ.വി.-ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.211/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-
1. ഇരിങ്ങാലക്കുട നഗരസഭ സെക്രട്ടറിയുടെ 21.11.2025 തീയതിയിലെ 608584-2025 നമ്പർ റിപ്പോർട്ട്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2026 തിയതിയിലെ LSGD/PD/14255/2025-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

ഇരിങ്ങാലക്കുട നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൗമ്യ.എൻ.വി., നഗരസഭാസെക്രട്ടറിയുടെ 05.03.2025 തീയതിയിലെ ഹോളിഡേ ഡ്യൂട്ടി ഉത്തരവ് പ്രകാരം 09.03.2025 ഞായറാഴ്ച രാവിലെ ഔദ്യോഗിക കൃത്യനിർവഹണത്തിനായി ഓഫീസിലേക്ക് പോകവേ സംഭവിച്ച വാഹനാപകടത്തെത്തുടർന്ന് പരിക്ക് പറ്റി ചികിത്സയിലായിരുന്ന 09.03.2025 മുതൽ 08.06.2025 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും, നഗരസഭാ സെക്രട്ടറിയുടെ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ട് സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള വിശദാംശങ്ങളുടെ വെളിച്ചത്തിൽ, ഇരിങ്ങാലക്കുട നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൗമ്യ.എൻ.വി. 09.03.2025-ന് ഔദ്യോഗിക കൃത്യനിർവഹണത്തിനായി ഓഫീസിലേക്ക് പോകവേ വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്ന 09.03.2025 മുതൽ 08.06.2025 വരെയുള്ള അവധി കാലയളവ് കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ശ്രീമതി. സൗമ്യ.എൻ.വി., ക്ലർക്ക്, ഇരിങ്ങാലക്കുട നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 27-01-2026 15:31:48